ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:26-09-2024**

## പ്രധാനവാർത്തകൾ

1. പ്രതികൂല സാഹചര്യങ്ങളോട് പൊരുതി രാജ്യത്തെ സംരക്ഷിക്കുന്ന ധീര ജവാൻമാരുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

2. സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിൽ ഭൂനിയമ ചട്ടം രൂപീകരിക്കില്ലെന്ന് മന്ത്രി കെ രാജൻ .

3. സംസ്ഥാനത്തെ കുട്ടികളെ ലോകോത്തര കായികമേളകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുകയാണ് സംസ്ഥാന സ്കൂൾ കായികമേളയുടെ ലക്ഷ്യമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. ഐക്യരാഷ്ട്ര സഭാ സുരക്ഷാ സമിതിയിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തെ പിന്തുണച്ച് ഫ്രാൻസ്

5. ഇന്ത്യൻ സൂപ്പർ ലീഗിൽ ഇന്ന് ചെന്നൈയിൻ എഫ്.സി മുഹമ്മദൻ എസ്.സിയെ നേരിടും.

&&&&&&&&&&&&&&&&&&&&&

### ഹെഡ് ലൈൻ - 1

### രാഷ്ട്രപതി

പ്രതികൂല സാഹചര്യങ്ങളോട് പൊരുതി രാജ്യത്തെ സംരക്ഷിക്കുന്ന ധീര ജവാൻമാരുടെ പ്രവർത്തനങ്ങൾ അഭിമാനകരമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

RNU TVPM

ലഡാക്കിലെ സിയാച്ചിനിൽ കരസേനയുടെ സിയാച്ചിൻ ബേസ് ക്യാമ്പ് സന്ദർശിച്ച ശേഷം സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സിയാച്ചിനിലെ പ്രതികൂല കാലാവസ്ഥയിലും നാടിനെ സംരക്ഷിക്കാൻ സൈനികർ കാണിക്കുന്ന ധൈര്യം പ്രശംസനീയമാണെന്നും രാഷ്ട്രപതി പറഞ്ഞു. ശ്രീ എ.പി.ജെ അബ്ദുൽകലമിനും ശ്രീ രാംനാഥ് കോവിന്ദിനും ശേഷം സിയാച്ചിൻ സന്ദർശിക്കുന്ന മൂന്നാമത്തെ രാഷ്ട്രപതിയാണ് ശ്രീമതി മുർമു.

&&&&&&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി</u>

മൂന്ന് പരം രുദ്ര സൂപ്പർ കമ്പ്യൂട്ടറുകളും കാലാവസ്ഥ നിരീക്ഷണത്തിനായി സജ്ജമാക്കിയ ഉയർന്ന പ്രവർത്തനക്ഷമതയുള്ള കംപ്യൂട്ടിംഗ് സിസ്റ്റവും പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്തു. ദേശീയ സൂപ്പർകമ്പ്യൂട്ടിംഗ് മിഷൻ്റെ കീഴിൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്തതാണ് ഏകദേശം 130 കോടി രൂപ വിലമതിക്കുന്ന മൂന്ന് പരം രുദ്ര സൂപ്പർ കമ്പ്യൂട്ടറുകൾ. ശാസ്ത്രീയ ഗവേഷണം സുഗമമാക്കുന്നത് ലക്ഷ്യമിട്ട് പുണെ, ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളിൽ ഇവ വിന്യസിച്ചിട്ടുണ്ട്.

RIUT VPM

&&&&&&&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി - നെടുമ്പാശ്ശേരി</u>

നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ഓപ്പറേഷണൽ മേഖലയുടെ സുരക്ഷയ്ക്കായി 30 കോടി രൂപ ചെലവിൽ ഒരുക്കിയ പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.12 കിലോമീറ്റർ നീളമുള്ള വിമാനത്താവളത്തിന്റെ ചുറ്റു മതിലിൽ മാരകമാകാത്ത വൈദ്യുതി വേലി, ഫൈബർ ഒപ്റ്റിക് വൈബ്രേഷൻ സെൻസർ, തെർമൽ ക്യാമറകൾ തുടങ്ങിയവ ഈ സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവളത്തിലെ അന്താരാഷ്ട്ര ഡിപ്പാർച്ചർ ടെർമിനലിൽ കൂടുതലായി നിർമ്മിച്ച ലോഞ്ചും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

ഇതോടെ ലോഞ്ചിന്റെ വിസ്തൃതി 14,000 ചതുരശ്രയടിയിൽ നിന്ന് 21,000 ചതുരശ്രയടിയായി ഉയർന്നു.

&&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

### മന്ത്രി കെ രാജൻ

സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിൽ ഭൂനിയമ ചട്ടം രൂപീകരിക്കില്ലെന്ന് മന്ത്രി കെ രാജൻ . ഇടുക്കി ജില്ലാതല പട്ടയമേള ചെറുതോണി ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കയ്യേറ്റങ്ങളെ ഒരു തരത്തിലും അനുവദിക്കില്ല. പാവപ്പെട്ട മനുഷ്യരുടെ ഭൂമി അന്യാധീനമാകാൻ അനുവദിക്കില്ല. അതിനാണ് പട്ടയ ബോഡ് രൂപികരിച്ചിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

### കേരള സ്കൂൾ കായികമേള

സംസ്ഥാനത്തെ കുട്ടികളെ ലോകോത്തര കായികമേളകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുകയാണ് സംസ്ഥാന സ്കൂൾ കായികമേളയുടെ ലക്ഷ്യമെന്ന് മന്ത്രി വി ശിവൻകുട്ടി. സവിശേഷ കഴിവുകൾ ഉള്ള കുട്ടികളേയും ഉൾപ്പെടുത്തി ലോകത്തിന് മാതൃകയാകുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികമേളയിലൂടെ ആദ്യമായി നടപ്പാക്കുകയാണെന്നും മന്ത്രി പറഞ്ഞു . കായികമേള – കൊച്ചി 2024 ന്റെ ലോഗോ പ്രകാശനവും ഭാഗ്യച്ചിഹ്നത്തിന്റെ പ്രകാശനവും മന്ത്രിമാരായ പി രാജീവും വി ശിവൻകുട്ടിയും തിരുവനന്തപുരത്ത് നിർവഹിച്ചു. നവംബർ 4 മുതൽ 11 വരെ കൊച്ചിയിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

### പോഷൺ മാഹ് - ഇൻട്രോ

പോഷൺ മാസാചരണത്തിന്റെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ച് വരികയാണ്.

RNU TVPM

പോഷകാഹാരം എന്നാൽ വളർച്ചയ്ക്ക് ആവശ്യമായ ജീവകങ്ങൾ, ധാതുക്കൾ തുടങ്ങിയവ ലഭ്യമാക്കുക എന്നതാണ്.പോഷകാഹാര മാസാചരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. കുട്ടികളിലും കൗമാരക്കാരിലും ഗർഭണികളിലും മുലയൂട്ടുന്ന അമ്മമാരിലും പോഷകാഹാരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രമുഖ ഡയറ്റീഷൻ അനു മാത്യു ആകാശവാണി വാർത്തകളോട്...
(വോയിസ്)

&&&&&&&&&&&&&&&&&&&&&

**ഒ.ആർ.കേളു**

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് എറണാകുളം ജില്ലയിൽ നടപ്പാക്കുന്ന വിവിധ വികസന ക്ഷേമ പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുമെന്ന് മന്ത്രി ഒ.ആർ.കേളു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി വകുപ്പുകളിലെ പദ്ധതികളുടെ എറണാകുളം ജില്ലാതല അവലോകനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച പുരോഗതി വിലയിരുത്താനായി എല്ലാ മാസവും അവലോകന യോഗം നടത്തുമെന്നും മന്ത്രി പറഞ്ഞു. . ഭൂമിയില്ലാത്തവർക്ക് ലാൻഡ് ബാങ്ക് വഴി ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&&&

**തൃശൂർപൂരം - റിപ്പോർട്ട് തള്ളി**

തൃശൂർ പൂരവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ എ.ഡി.ജി.പി എം ആർ അജിത് കുമാറിൻറെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാർ തള്ളി. വീണ്ടും അന്വേഷണം വേണമെന്ന് ആഭ്യന്തര സെക്രട്ടറി നിർദ്ദേശിച്ചു. എഡിജിപിക്കെതിരെയും അന്വേഷണം നടത്താൻ ആഭ്യന്തര സെക്രട്ടറി ശുപാർശ ചെയ്തു. ഡിജിപി ഉന്നയിച്ച കാര്യങ്ങളിലാണ് അന്വേഷണത്തിന് ശുപാർശ നൽകിയിരിക്കുന്നത്. തൃശൂർ പൂരം അലങ്കോലമാക്കിയ

സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&

**എം പോക്സ്**

ലോകാരോഗ്യ സംഘടന എംപോക്സിനെ പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ചതിൻറെ പശ്ചാത്തലത്തിൽ രാജ്യത്തെ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി

കേന്ദ്രസർക്കാർ. രോഗത്തിനെതിരെ ജാഗ്രത പാലിക്കണമെന്നും രോഗവ്യാപനം തടയാൻ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&

**ഇടുക്കി - (ഇൻട്രോ)**

ദേവികുളം ടോൾ പ്ലാസയിലൂടെ പോകുന്ന വാഹനങ്ങളിൽ നിന്ന് ഏതാനും ദിവസത്തിനുള്ളിൽ പണം ഈടാക്കിത്തുടങ്ങും. ഇടുക്കി ജില്ലയിലെ ആദ്യ ടോൾ പ്ലാസയാണ് ദേവികുളത്തേത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..

(വോയിസ്.......)

&&&&&&&&&&&&&&&&&&&&&

**ജോർജ് കുര്യൻ -സിഎംഎഫ്ആർഐ**

ബ്ലാക് സോൾജിയർ ഫ്ളൈ എന്നറിയപ്പെടുന്ന പട്ടാള പുഴുവിനെ ഉപയോഗിച്ചുള്ള ജൈവമാലിന്യ സംസ്കരണ യൂണിറ്റ് കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. സ്വച്ഛഭാരത് കാപയിനിന്റെ ഭാഗമായി പച്ചക്കറി-മത്സ്യ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 4**

RNU TVPM

## ഐക്യരാഷ്ട്ര സഭ

ഐക്യരാഷ്ട്ര സഭാ സുരക്ഷാ സമിതിയിൽ ഇന്ത്യയെ സ്ഥിരാംഗമായി ഉൾപ്പെടുത്തുന്നതിനെ ശക്തമായി പിന്തുണച്ച് ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോ. ന്യൂയോർക്കിൽ യുഎൻ പൊതുസഭയുടെ 79-ാമത് സമ്മേളനത്തിൽ സംവാദ പരിപാടിയെ അഭിസംബോധന ചെയ്യവെയാണ് ഫ്രഞ്ച് പ്രസിഡൻ്റ് ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യ, ജർമ്മനി, ജപ്പാൻ, ബ്രസീൽ എന്നീ രാജ്യങ്ങളെയും ആഫ്രിക്കയെ പ്രതിനിധീകരിക്കുന്ന രണ്ട് രാജ്യങ്ങളെയും സ്ഥിരാംഗങ്ങളാക്കണമെന്ന് ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോ അഭിപ്രായപ്പെട്ടു. നേരത്തെ, യുഎസ്, റഷ്യ, ചിലി എന്നീ ലോകരാഷ്ട്രങ്ങൾ ഉൾപ്പെടെ സുരക്ഷാ സമിതിയിലെ ഇന്ത്യയുടെ സ്ഥിരാംഗത്വത്തിനെ പിന്തുണച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐ.എസ്.എൽ

ഇന്ത്യൻ സൂപ്പർ ലീഗിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ചെന്നൈയിൻ എഫ്.സി മുഹമ്മദൻ എസ്.സിയെ നേരിടും. രാത്രി 7.30 -ന് ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് എഫ്.സി, ഹൈദരാബാദിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&

## ആകാശപ്പാത

കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശൂർ കോർപ്പറേഷൻ നഗര ഗതാഗത വിഭാഗം നടപ്പാക്കിയ ആകാശപ്പാത നാളെ നാടിനു സമർപ്പിക്കും. മന്ത്രി എം.ബി. രാജേഷ് ആകാശപാത ഉദ്ഘാടനം ചെയ്യും. ആകാശപാതയുടെ നെറ്റ് സീറോ എനർജി തലത്തിലുള്ള സൗരോർജ്ജ പാനലിന്റെ പ്രവർത്തനോദ്ഘാടനം കേന്ദ്ര സഹമന്ത്രിസുരേഷ്ഗോപി നിർവഹിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&&

**അർജുൻ - ഷിരൂർ**

കർണ്ണാടകയിലെ ഷിരൂരിൽ തെരച്ചിലിൽ കണ്ടെത്തിയ കോഴിക്കോട് സ്വദേശിയായ ട്രക്ക് ഡ്രൈവർ അർജുൻറേതെന്ന് കരുതുന്ന മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾക്ക് തുടക്കമായി. മൃതദേഹം അർജുൻറേതെന്ന് സ്ഥിരീകരിക്കുന്നതിനായി ഡി.എൻ.എ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചു. നാളെ ഉച്ചയോടെ പരിശോധനാഫലം ലഭിക്കുമെന്നാണ് കരുതുന്നത്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ പൂർത്തിയാക്കി മൃതദേഹം കുടുംബത്തിന് വിട്ടുനൽകും. അതേസമയം, ഗംഗാവലിപ്പുഴയിൽ കാണാതായ മറ്റ് രണ്ട് പേർക്കുള്ള തെരച്ചിൽ തുടരുമെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ വ്യക്തമാക്കി. ദൗത്യം ലക്ഷ്യത്തിൽ എത്തിക്കാനായതിൽ സംതൃപ്തിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNUTVPM